**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1171** **12-06-2024 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ അപകടങ്ങൾ കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണത്തിലെ അപാകതകൾ മൂലം മുതലപ്പൊഴി ഹാർബറിൽ തുടർച്ചയായുണ്ടാകുന്ന അപകടങ്ങൾ പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ഹാർബറിൽ അപായങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും ബഹു. പൊതു വിദ്യാഭ്യാസ -തൊഴിൽ വകുപ്പ് മന്ത്രി, ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി, ബഹു. ഗതാഗത വകുപ്പ് മന്ത്രി, ബഹു. വർക്കല നിയോജക മണ്ഡലം എം. എൽ. എ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 31/07/2023 -ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങളും ഇതേ വരെയായി സ്വീകരിച്ച നടപടികളും അനുബന്ധം - 1 ആയി ചേർക്കുന്നു.<br><br>03/01/2024, 20/01/2024, 01/04/2024 എന്നീ തീയതികളിൽ ഫിഷറീസ് സെക്രട്ടറി തലത്തിൽ കൂടിയ മീറ്റിംഗുകളിൽ അദാനി മുഖേന നടന്നുവരുന്ന ഡ്രഡ്ജിംഗ് പ്രവൃത്തിയുടെ പുരോഗതി വളരെ കുറവാണെന്ന് വിലയിരുത്തുകയും മീറ്റിങ്ങിലെ തീരുമാനപ്രകാരം M/s അദാനിയുമായുള്ള ധാരണപത്ര കാലാവധി 11/06/2024-വരെ ദീർഘിപ്പിച്ചിട്ടുണ്ട്. 29/04/2024, 28/05/2024 എന്നീ തീയതികളിൽ അഴിമുഖത്ത് വള്ളം മറിഞ്ഞ് രണ്ട് മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയുമുണ്ടായി. 02/05/24 തീയതിയിൽ ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെയും, ബഹുമാനപ്പെട്ട തുറമുഖ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ വീണ്ടും യോഗം ചേർന്ന് വിലയിരുത്തിയിട്ടുണ്ട്. ടി യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.<br><br>05/06/2024-ൽ വിവിധ മത്സ്യത്തൊഴിലാളി യൂണിയൻ നേതാക്കളുടെയും മത്സ്യത്തൊഴിലാളി പ്രതിനിധികളുടെയും, ബഹു.എം.എൽ.എ-യുടേയും ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ മന്ത്രിതല യോഗം വിളിച്ചു ചേർക്കുകയും മുതലപ്പൊഴിയിൽ ഇനി |

| | | | |
|---|---|---|---|
| | | | ഒരു അപകടം ഉണ്ടായി ഒരു മത്സ്യത്തൊഴിലാളി പോലും മരിക്കാതിരിക്കാൻ രണ്ട് മാസത്തേക്ക് ഹാർബർ അടച്ചിടുവാനുള്ള നിർദ്ദേശം അവതരിപ്പിക്കുകയുമുണ്ടായി. ഹാർബർ രണ്ടു മാസം പൂർണ്ണമായും അടച്ചിടുന്നതിനോട് മത്സ്യമേഖലയിലെയും സമുദായ സംഘടനകളുടെയും പ്രതിനിധികൾ എതിർപ്പ് പ്രകടിപ്പിച്ചു. മത്സ്യത്തൊഴിലാളികളും യൂണിയൻ പ്രതിനിധികളും നിർദ്ദേശിച്ച വിധത്തിൽ മൺസൂൺ കാലത്ത് ഹാർബറിനുള്ളിൽ മത്സ്യത്തൊഴിലിൽ ഏർപ്പെടുന്നവരടങ്ങുന്ന സമിതി രൂപീകരിക്കുവാനും മൺസൂൺ കാലത്ത് ഓരോ ദിവസത്തെയും കാലാവസ്ഥ അവലോകനം ചെയ്ത് മത്സ്യബന്ധനത്തിന് അനുയോജ്യമായ ദിവസങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിനും അല്ലാത്ത ദിവസങ്ങളിൽ മത്സ്യബന്ധനം പൂർണ്ണമായും ഒഴിവാക്കുന്നതിനും തീരുമാനം എടുക്കുകയുണ്ടായി. കൂടാതെ രണ്ട് ഹൈമാസ്റ്റ് ലൈറ്റുകൾ കൂടി രണ്ടാഴ്ചയ്ക്കുള്ളിൽ ഹാർബറിൽ സ്ഥാപിക്കുവാനും, ആംബുലൻസ് സൗകര്യം ഉറപ്പാക്കുവാനും തീരുമാനമെടുത്തു. ഇതു കൂടാതെ ബഹു.എം.എൽ.എ-യുടെ എം.എൽ.എ ഫണ്ടിൽ നിന്നും ആധുനിക സൗകര്യമുള്ള ആംബുലൻസ് സ്ഥിരമായി മുതലപ്പൊഴിയിലേക്ക് വാങ്ങിക്കുന്നതിനും ധാരണയായി.<br><br>2024 ഫെബ്രുവരി മാസം സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) സമർപ്പിച്ച അന്തിമ മാതൃകാപഠന റിപ്പോർട്ടിലെ ശുപാർശകൾക്കനുസൃതമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതുവരെ അഴിമുഖത്തും ചാനലിലും അടിഞ്ഞ് കൂടുന്ന മണ്ണ് നീക്കം ചെയ്യേണ്ടതുണ്ട്. ഇതിനായി M/s അദാനി പോർട്ടുമായുള്ള കരാറിന്റെ കാലവധിക്കു ശേഷവും മണ്ണ് നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 3.00 കോടി രൂപയുടെ ഒരു പദ്ധതി 13/05/2024-തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ CTE-യുടെ അനുമതിക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽത്തിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കാനും അപകടങ്ങൾ ഒഴിവാക്കാനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് കല്ലുകൾ ബാർജ്ജ് വഴി കടൽ മാർഗ്ഗം കൊണ്ടുപോകുന്നതിനായി 2019-2020 കാലയളവിൽ M/s അദാനിപോർട്ട്സ് മുതലപ്പൊഴി ഹാർബറിന്റെ തെക്കേ പുലിമുട്ട് പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുകയുണ്ടായി. M/s അദാനി പോർട്ടുമായി സർക്കാർ അനുമതിക്കു വിധേയമായി ഹാർബർ |

എഞ്ചിനീയറിംഗ് വകുപ്പ് ഉണ്ടാക്കിയ ധാരണാപത്ര പ്രകാരം മുതലപ്പൊഴി ഹാർബറിലെ മൗത്തിലും ചാനലിലും 5m-ഉം ഹാർബർ ബേസിനിൽ 3m-ഉം ആഴം ഉറപ്പാക്കണമെന്നും, ബ്രേക്ക് വാട്ടറിന് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അത് പരിഹരിക്കണമെന്നും ഗൈഡ് ലൈറ്റ്, ബോയ എന്നിവ സ്ഥാപിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.

ആയത് പ്രകാരം മെസ്സേർസ് അദാനി പോർട്ട്സ് ലോങ്ങ് ബൂം ക്രെയിൻ ഉപയോഗിച്ച് ചാനലിൽ ചിതറികിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്. മെസ്സേർസ് അദാനി പോർട്ടസ് മൂന്ന് ലോങ്ബൂം എസ്കവേറ്ററും രണ്ട് ഷോർട്ട്ബൂം എസ്കവേറ്ററും ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്ത് വരുന്നു.

മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 22/08/22 തീയതിയിലെ സഉ (സാധാ) നം. 660/2022/മഉവ പ്രകാരം പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)- നെ ചുമതലപ്പെടുത്തുകയും തുടർന്ന് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ ഉദ്യോഗസ്ഥർ നേരിട്ട് ഡേറ്റാ കളക്ഷൻ നടത്തി മത്സ്യത്തൊഴിലാളികൾ, ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള പ്രദേശവാസികളുമായി ചർച്ച നടത്തി മാതൃകാപഠനം പൂർത്തിയാക്കി റിപ്പോർട്ട് 2024 ഫെബ്രുവരി മാസം സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം തെക്ക് ഭാഗത്ത് നിന്നും അഴിമുഖത്തേക്ക് മണ്ണ് അടിഞ്ഞ് കൂടുന്നത് തടയുന്നതിന് വേണ്ടി തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിച്ച് അഴിമുഖം വടക്ക് ഭാഗത്തേക്ക് മാറ്റുന്ന വിധത്തിലാണ് പുലിമുട്ടിന്റെ രൂപകൽപ്പന നൽകിയിട്ടുള്ളത്.

ടി പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ₹ 164 കോടിയുടെ പദ്ധതി രൂപരേഖ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടു കൂടി 16-02-2024ൽ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും പദ്ധതി രൂപരേഖ സാങ്കേതിക സമിതി തത്വത്തിൽ അംഗീകരിക്കുകയുമുണ്ടായി. എന്നാൽ കേന്ദ്രസർക്കാർ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം "Smart & Green Harbour" ആയി

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിന് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ മാനദണ്ഡ പ്രകാരമുള്ള ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി സമർപ്പിക്കാൻ 03/06/2024ൽ CICEF ൽ വച്ച് നടന്ന മീറ്റിംഗിൽ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് വരുന്നു. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ടെൻഡർ ചെയ്തു ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിച്ച് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>2024 ഫെബ്രുവരി മാസം സമർപ്പിച്ച അന്തിമ മാതൃകാപഠന റിപ്പോർട്ടിലെ ശുപാർശകൾക്കനുസൃതമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതുവരെ അഴിമുഖത്തും ചാനലിലും അടിഞ്ഞു കൂടുന്ന മണ്ണ് നീക്കം ചെയ്യേണ്ടതുണ്ട്. ഇതിനായി അദാനി പോർട്ട്സുമായുള്ള കരാറിന്റെ കാലാവധിയ്ക്ക് ശേഷവും മണ്ണ് നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 3.00 കോടി രൂപയുടെ ഒരു പദ്ധതി 13/05/2024-തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ CTE-യുടെ അനുമതിക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഹാർബറിൽ അപായങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും ബഹു. പൊതു വിദ്യാഭ്യാസ -തൊഴിൽ വകുപ്പ് മന്ത്രി, ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി, ബഹു. ഗതാഗത വകുപ്പ് മന്ത്രി, ബഹു. വർക്കല നിയോജക മണ്ഡലം എം. എൽ. എ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 31/07/2023 -ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങളും ഇതേ വരെയായി സ്വീകരിച്ച നടപടികളും അനുബന്ധം - 1 ആയി ചേർക്കുന്നു.<br><br>03/01/2024, 20/01/2024, 01/04/2024 എന്നീ തീയതികളിൽ ഫിഷറീസ് സെക്രട്ടറി തലത്തിൽ കൂടിയ മീറ്റിംഗുകളിൽ അദാനി മുഖേന നടന്നുവരുന്ന ഡ്രഡ്ജിംഗ് പ്രവൃത്തിയുടെ പുരോഗതി വളരെ കുറവാണെന്ന് വിലയിരുത്തുകയും മീറ്റിങ്ങിലെ തീരുമാനപ്രകാരം M/s അദാനിയുമായുള്ള ധാരണപത്ര കാലാവധി 11/06/2024-വരെ ദീർഘിപ്പിച്ചിട്ടുണ്ട്. 29/04/2024, 28/05/2024 എന്നീ തീയതികളിൽ അഴിമുഖത്ത് വള്ളം മറിഞ്ഞ് രണ്ട് മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയുമുണ്ടായി. 02/05/24 തീയതിയിൽ ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെയും, ബഹുമാനപ്പെട്ട തുറമുഖ വകുപ്പ് |

മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ വീണ്ടും യോഗം ചേർന്ന് വിലയിരുത്തിയിട്ടുണ്ട്. ടി യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.

05/06/2024-ൽ വിവിധ മത്സ്യത്തൊഴിലാളി യൂണിയൻ നേതാക്കളുടെയും മത്സ്യത്തൊഴിലാളി പ്രതിനിധികളുടെയും, ബഹു.എം.എൽ.എ-യുടേയും ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ മന്ത്രിതല യോഗം വിളിച്ചു ചേർക്കുകയും മുതലപ്പൊഴിയിൽ ഇനി ഒരു അപകടം ഉണ്ടായി ഒരു മത്സ്യത്തൊഴിലാളി പോലും മരിക്കാതിരിക്കാൻ രണ്ട് മാസത്തേക്ക് ഹാർബർ അടച്ചിടുവാനുള്ള നിർദ്ദേശം അവതരിപ്പിക്കുകയുമുണ്ടായി. ഹാർബർ രണ്ടു മാസം പൂർണ്ണമായും അടച്ചിടുന്നതിനോട് മത്സ്യമേഖലയിലെയും സമുദായ സംഘടനകളുടെയും പ്രതിനിധികൾ എതിർപ്പ് പ്രകടിപ്പിച്ചു. മത്സ്യത്തൊഴിലാളികളും യൂണിയൻ പ്രതിനിധികളും നിർദ്ദേശിച്ച വിധത്തിൽ മൺസൂൺ കാലത്ത് ഹാർബറിനുള്ളിൽ മത്സ്യത്തൊഴിലിൽ ഏർപ്പെടുന്നവരടങ്ങുന്ന സമിതി രൂപീകരിക്കുവാനും മൺസൂൺ കാലത്ത് ഓരോ ദിവസത്തെയും കാലാവസ്ഥ അവലോകനം ചെയ്ത് മത്സ്യബന്ധനത്തിന് അനുയോജ്യമായ ദിവസങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിനും അല്ലാത്ത ദിവസങ്ങളിൽ മത്സ്യബന്ധനം പൂർണ്ണമായും ഒഴിവാക്കുന്നതിനും തീരുമാനം എടുക്കുകയുണ്ടായി. കൂടാതെ രണ്ട് ഹൈമാസ്റ്റ് ലൈറ്റുകൾ കൂടി രണ്ടാഴ്ചയ്ക്കുള്ളിൽ ഹാർബറിൽ സ്ഥാപിക്കുവാനും, ആംബുലൻസ് സൗകര്യം ഉറപ്പാക്കുവാനും തീരുമാനമെടുത്തു. ഇതു കൂടാതെ ബഹു.എം.എൽ.എ-യുടെ എം.എൽ.എ ഫണ്ടിൽ നിന്നും ആധുനിക സൗകര്യമുള്ള ആംബുലൻസ് സ്ഥിരമായി മുതലപ്പൊഴിയിലേക്ക് വാങ്ങിക്കുന്നതിനും ധാരണയായി.

2024 ഫെബ്രുവരി മാസം സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) സമർപ്പിച്ച അന്തിമ മാതൃകാപഠന റിപ്പോർട്ടിലെ ശുപാർശകൾക്കനുസൃതമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതുവരെ അഴിമുഖത്തും ചാനലിലും അടിഞ്ഞ് കൂടുന്ന മണ്ണ് നീക്കം ചെയ്യേണ്ടതുണ്ട്. ഇതിനായി M/s അദാനി പോർട്ടുമായുള്ള കരാറിന്റെ കാലവധിക്കു ശേഷവും മണ്ണ് നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 3.00 കോടി രൂപയുടെ ഒരു പദ്ധതി 13/05/2024-തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ CTE-യുടെ

| | | | |
|---|---|---|---|
| | | | അനുമതിക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കാൻ ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി, ബഹു. ഗതാഗത വകുപ്പ് മന്ത്രി, ബഹു. വർക്കല നിയോജക മണ്ഡലം എം. എൽ. എ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 31/07/2023 –ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങളും സ്വീകരിച്ച നടപടികളും

| ക്രമ നമ്പർ | യോഗ തീരുമാനം | നടപടി |
|---|---|---|
| (1) | ലോങ്ങ് ബൂം ക്രെയിൻ 01/08/23 ന് മുതലപ്പൊഴിയിലെത്തിച്ച് ഹാർബറിലെ ചാനലിൽ ചിതറികിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിക്കേണ്ടതാണ്. | ലോങ്ങ് ബൂം ക്രെയിൻ ഉപയോഗിച്ച് ചാനലിൽ ചിതറികിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്. അടിത്തട്ടിൽ കിടക്കുന്ന കല്ലുകൾ ഡ്രഡ്ജിംഗ് പൂർത്തീകരിക്കുന്നതിനോടൊപ്പം നീക്കം ചെയ്യേണ്ടതുണ്ട്. |
| (2) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും കൂടിയാലോചിച്ച് ഡ്രഡ്ജർ കൊണ്ടു വരുന്നതിന് പറ്റിയ അനുകൂലമായ കാലാവസ്ഥ മനസ്സിലാക്കി വിഴിഞ്ഞത്തുള്ള ഡ്രഡ്ജർ മുതലപ്പൊഴി ഹാർബറിൽ എത്തിച്ച് ഡ്രഡ്ജിംഗ് ആരംഭിക്കണം. | മുതലപ്പൊഴി ചാനലിൽ ഡ്രഡ്ജ് ചെയ്യുന്നതിന് ഡ്രഡ്ജർ സൈറ്റിൽ എത്തിക്കാൻ മെസ്സേർസ് അദാനി പോർട്ട്സിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഡ്രഡ്ജർ ഇതേവരെ സൈറ്റിൽ എത്തിച്ചിട്ടില്ല. |
| (3) | മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ എക്സവേറ്ററുകൾ 01/08/23 ന് തന്നെ മുതലപ്പൊഴിയിലെത്തിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി ആരംഭിക്കേണ്ടതാണ്. | മണ്ണ് നീക്കം ചെയ്യുന്നതിനുള്ള എക്സവേറ്ററുകൾ പ്രവൃത്തി സ്ഥലത്ത് എത്തിച്ച് പ്രവർത്തി നടന്നു വരുന്നു |
| (4) | മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എല്ലാവിധ സഹായ സഹകരണങ്ങളും | പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും സഹായ സഹകരണങ്ങളും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നൽകിവരുന്നു. |

| | | |
|---|---|---|
| | അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന് നൽകേണ്ടതാണ്. | |
| (5) | ഹാർബർ ചാനലിൽ അടിയന്തിരമായി ബോയ സ്ഥാപിക്കേണ്ടതാണ്. | ഹാർബർ ചാനലിൽ സ്ഥാപിക്കുന്നതിനുള്ള ബോയ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ് പൂർത്തീകരിക്കുന്നതിനോടൊപ്പം ബോയ സ്ഥാപിക്കുന്നതാണ്. |
| (6) | ഹാർബറിന്റെ തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് അടിഞ്ഞ് കൂടുന്ന മണ്ണ് വടക്കേ പുലിമുട്ടിന്റെ വടക്ക് ഭാഗത്തേക്ക് യന്ത്രസാമഗ്രികളുടെ സഹായത്തോടെ നിക്ഷേപിക്കുന്ന തിനുള്ള സ്ഥിരമായ സാൻഡ് ബൈപ്പാസിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 31/07/23 ന് തന്നെ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്. പ്രവൃത്തി നടത്തുന്നതിനുള്ള കണക്കിനത്തിലെ ധനലഭ്യത ഉറപ്പാക്കി 3 ദിവസത്തിനകം ഭരണാനുമതി നൽകേണ്ടതാണ്. ഭരണാനുമതി ലഭിച്ചാലുടൻ തന്നെ ദർഘാസ് നടപടി പാലിച്ച് 2 മാസത്തിനകം നിർമ്മാണം ആരംഭിക്കേണ്ടതാണ്. | സ്ഥിരമായ സാൻഡ് ബൈപ്പാസിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് ₹11 കോടിയുടെ പദ്ധതി രൂപരേഖ സർക്കാരിന് സമർപ്പിച്ചിരുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനർ 09/08/2023 തീയതിയിൽ സ്ഥലത്ത് സന്ദർശനം നടത്തിയിരുന്നു. സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നടപ്പിലാക്കിയാൽ മതിയെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ അഭിപ്രായപ്പെട്ടിരുന്നു. സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ന്റെ പുതിയ പഠന റിപ്പോർട്ടിൽ സ്ഥിരം സാൻഡ് ബൈപ്പാസിംഗ് സംവിധാനം ആവശ്യമില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (7) | അടിയന്തിര നടപടിയെന്ന നിലയിൽ ഹാർബറിന്റെ തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് മണ്ണടിഞ്ഞ് കൂടുന്ന മുറയ്ക്ക് മണ്ണ് ലോറിയിൽ നിറച്ച് വടക്കേ പുലിമുട്ടിന്റെ വടക്ക് ഭാഗത്ത് നിക്ഷേപിക്കുന്നതിനുള്ള പ്രവൃത്തി | ടി പ്രവൃത്തിക്കായി ഒരു കോടിയുടെ ഭരണാനുമതി നൽകി പ്രവൃത്തി ദർഘാസ് ചെയ്ത് കരാറിലേർപ്പെട്ടുവെങ്കിലും മണ്ണ് വടക്ക് ഭാഗത്ത് നിക്ഷേപിക്കുന്നത് പ്രദേശവാസികൾ തടസ്സപ്പെടുത്തിയ തിനാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ |

| | | |
|---|---|---|
| | നടപ്പിലാക്കുന്നതിന് അടിയന്തിരമായി ഭരണാനുമതി നൽകണം. | സ്വീകരിച്ച് വരുന്നു. |
| (8) | ഹാർബറിൽ അടിയന്തിരമായി 6 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്. | 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി 2 ഹൈമാസ്റ്റ് സോളാർ ലൈറ്റുകൾ തെക്കേ പുലിമുട്ടിലും വടക്കേ പുലിമുട്ടിലുമായി ഹാർബർ എൻജിനീയറിങ് വകുപ്പ് മുഖേന സ്ഥാപിച്ചിട്ടുണ്ട്. തുടർന്ന് 2 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനു കൂടി 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിന് കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. M.P –ഫണ്ട് ഉപയോഗിച്ച് ബ്രേക്ക് വാട്ടറിൽ രണ്ട് ലൈറ്റുകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്. |
| (9) | ഹാർബറിലെ രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മൂന്ന് ഷിഫ്റ്റുകളിലായി 10 പേരടങ്ങുന്ന പരിശീലനം നേടിയ 30 ലൈഫ് ഗാർഡുകാരെ നിയോഗിക്കണം. രക്ഷാപ്രവർത്തനത്തിനായി ആകെ മൂന്ന് ബോട്ടുകളും ഹാർബറിൽ ലഭ്യമാക്കണം. | ലൈഫ് ഗാർഡുമാരെ ഫിഷറീസ് വകുപ്പ് നിയോഗിച്ചിട്ടുണ്ട്. |
| (10) | ഹാർബർ പരിസരത്ത് സ്ഥിരമായ ഒരു ആംബുലൻസ് സൗകര്യം ലഭ്യമാക്കണം. | ഫിഷറീസ് വകുപ്പ് മുഖേന ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (11) | മഴക്കാലത്തിന് ശേഷമുള്ള ഡാറ്റകൾ കൂടി ശേഖരിച്ച് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന് നൽകി പഠന റിപ്പോർട്ട് ഡിസംബർ 31 നകം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. | സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) നേരിട്ട് ഡാറ്റ കളക്ഷൻ നടത്തി തുടർ പഠനം നടത്തി. സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)–ന്റെ ഫൈനൽ റിപ്പോർട്ട് പ്രകാരം തെക്കേ പുലിമുട്ട് 425 മീറ്റർ വർദ്ധിപ്പിച്ച് അഴിമുഖം വടക്ക് ഭാഗത്ത് മാറ്റുന്നതിന് ശുപാർശ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഹാർബറുകളുടെ നവീകരണം ഉൾപ്പട്ട 164 കോടി രൂപയുടെ |

| | | |
|---|---|---|
| | | പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഒന്നര വർഷം കൊണ്ട് പൂർത്തീകരിക്കുന്നതാണ്. |

**അനുബന്ധം-2**

**മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ ചാനലിലെ മണ്ണ് നീക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 02/05/2024 ന് ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി, ബഹു. തുറമുഖ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളും സ്വീകരിച്ച നടപടികളും**

.

| ക്രമ നമ്പർ | യോഗ തീരുമാനം | നടപടി |
|---|---|---|
| (1) | 2024 മെയ് 15-നകം സക്ഷൻ ഡ്രഡ്ജർ എത്തിച്ച് മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ ചാനലിൽ ഡ്രഡ്ജിംഗ് ആരംഭിക്കേണ്ടതാണ്. (മെസ്സേഴ്സ് അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്). | മെസ്സേഴ്സ് അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് ഡ്രഡ്ജർ ഇതേവരെ സൈറ്റിൽ എത്തിച്ചിട്ടില്ല |
| (2) | ഡ്രഡ്ജർ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന പക്ഷം സ്വകാര്യ വ്യക്തികളുടെ ഡ്രഡ്ജർ എത്തിച്ച് മഴക്കാലം ആരംഭിക്കുന്നതിന് മുൻപ് കരാർ പ്രകാരം ഉള്ള 5 മീറ്റർ ആഴം ചാനലിൽ ഉറപ്പാക്കേണ്ടതാണ്. സ്വകാര്യ ഡ്രഡ്ജർ ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നൽകേണ്ടതാണ്. (1. മെസ്സേഴ്സ് അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് 2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ) | സ്വകാര്യ ഡ്രഡ്ജറുകളുടെ വിശദാംശങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അദാനി പോർട്ട്സിന് കൈമാറിയിരുന്നു. എന്നാൽ ഡ്രഡ്ജർ ഇതേവരെ സൈറ്റിൽ എത്തിച്ചിട്ടില്ല. |
| (3) | അടിയന്തിര പരിഹാര നടപടി എന്ന നിലക്ക് 5 ലോങ്ബൂം എസ്കവേറ്റർ ഉടൻ തന്നെ എത്തിച്ച് മണ്ണ് നീക്കം ത്വരിതപ്പെടുത്തേണ്ടതാണ്. | രണ്ട് ലോങ്ബൂം എസ്കവേറ്ററും രണ്ട് ഷോർട്ട്ബൂം എസ്കവേറ്ററും ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്ത് വരുന്നു. |

| | | |
|---|---|---|
| | (മെസ്സേഴ്സ് അദാനി പോർട്സ് പ്രൈവറ്റ് ലിമിറ്റഡ്) | |
| (4) | ലോഡ്ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി മുറിച്ച് മാറ്റിയ തെക്കേ പുലിമുട്ട് പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിച്ച് മഴക്കാലം ആരംഭിക്കുന്നതിനകം പൂർത്തിയാക്കേണ്ടതാണ്. (മെസ്സേഴ്സ് അദാനി പോർട്സ് പ്രൈവറ്റ് ലിമിറ്റഡ്) | തെക്കേ പുലിമുട്ടിന്റെ മുറിച്ച് മാറ്റിയ ഭാഗം പൂർവ്വസ്ഥിതിയിൽ ആക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |